പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7595 | 17.07.2012 ൽ മറുപടിയ്ക്ക് |
|---|---|
| ആലപ്പുഴ ജില്ലയിൽ മാതൃകാ അംഗൻവാടി | |
| ചോദ്യം | ഉത്തരം |
| ശ്രീ. തോമസ് ചാണ്ടി | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും<br>വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് മാതൃകാ അംഗൻവാടികൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ; | (എ) ഒരു നിയോജകമണ്ഡലത്തിൽ ഒന്ന് എന്ന ക്രമത്തിൽ ആകെ 140 മാതൃകാ അംഗൻവാടികൾ സ്ഥാപിക്കുവാൻ ഉത്തരവായിട്ടുള്ളതാണ്. മാതൃകാ അംഗൻവാടികൾ നിർമ്മിക്കുന്നതിനായി 10 സെന്റ് ഭൂമിയുള്ളതും എംഎൽഎ യുടെ ശുപാർശ കത്തിന്റെ അടിസ്ഥാനത്തിലും 31 അംഗനവാടികൾക്ക് അനുമതി നൽകി ക്കഴിഞ്ഞു. നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിടത്തിന്റെ സ്കെച്ചും പ്ലാനും അംഗീകരിക്കുവാനും അതനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി നിർമ്മാണ ഏജൻസിയെ കണ്ടെത്താനും തീരുമാനിച്ചിട്ടുണ്ട്. |
| (ബി) ആലപ്പുഴ ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് പ്രസ്തുത അംഗൻവാടികൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ? | (ബി) ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ തെക്ക് പഞ്ചായത്ത് 52-ാം നമ്പർ അംഗൻവാടിയെയും ഹരിപ്പാട് ചെറുതന പഞ്ചായത്ത് 14-ാം നമ്പർ അംഗൻവാടിയെയും മാതൃകാ അംഗൻവാടിയായി ഉയർത്താൻ അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ